ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: ബഹുമാനപ്പെട്ട രാമകൃഷ്ണൻ പറഞ്ഞു ഇത് സ്വാഭാവികമായി ഉൽഭവിക്കുന്നതാണെന്ന്. എല്ലാം ഇങ്ങനെ സ്വാഭാവികമായി ഉൽഭവിക്കുമെന്നുപറഞ്ഞാൽ എവിടെ എത്തുമെന്നറിഞ്ഞുകൂടാ. ഭൂമി കൈയേറ്റത്തിൽ ആരംഭിച്ച് പോലീസ് മർദ്ദനത്തിൽ എത്തി. ഇങ്ങനെ സൂര്യനുകീഴിലുള്ള എല്ലാ കാര്യങ്ങളെക്കുറിച്ചും ഒരു ദിവസം മന്ത്രി ഉത്തരം പറയണമെന്നുവന്നാൽ അതിനു സൗകര്യമുണ്ടാകുമെന്നു തോന്നുന്നില്ല. ഇത് പോലീസ് മർദ്ദനത്തെപ്പറ്റിയുള്ള ചോദ്യമല്ല.

ശ്രീ. കെ. ഐ. രാജൻ: സർ, ഒരു ചോദ്യം.....

ശ്രീ. എ. വി. ആര്യൻ: സർ, ഒരു ചോദ്യം.....

ശ്രീമതി കെ. ആർ. ഗൗരി: കാർഷിക പരിഷ്ക്കരണ നിയമം നടപ്പിൽ വന്നതിനുശേഷം.....

ശ്രീ. എ. വി. കുഞ്ഞമ്പു: സർ, ഒരു ചോദ്യം.....

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ചോദ്യം ചോദിക്കുകയാണ്. കാർഷിക പരിഷ്ക്കരണ നിയമം നടപ്പിൽവന്നതിനുശേഷം കുടുകിടപ്പവകാശം കിട്ടേണ്ടതായിട്ടുള്ള ആളുകളുടെ കുടികിടപ്പ് നശിപ്പിക്കുകയാണെങ്കിൽ അന്നു നിലവിലിരുന്ന കുടികിടപ്പു നിരോധനനിയമപ്രകാരം 7D പ്രകാരം നടപടിയെടുക്കേണ്ട ആളുകളിൽ കുടികിടപ്പുകത്തിച്ച എത്രപേരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ട്?

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസ് വേണം.

മി. സ്പീക്കർ: 40 മിനിട്ടോളം ഈ ചോദ്യത്തിന് എടുത്തകഴിഞ്ഞു.

ശ്രീ. എ. വി. കുഞ്ഞമ്പു: സർ, ഞാൻ 16-ാമത്തെ തവണയാണ് ചോദ്യം ചോദിക്കാൻ എഴുന്നേൽക്കുന്നത്.

മി. സ്പീക്കർ: അതു ശരിയാണ്.

സംസ്ഥാന പ്ലാനിംഗ് ബോർഡ്

*6. [6] ശ്രീ. സി. കെ. രാജൻ:
ശ്രീ. സി. കണ്ണൻ:
ശ്രീ. പി. എസ്സ്. നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെൻറ് രൂപീകരിച്ചിരുന്ന സംസ്ഥാന പ്ലാനിംഗ് ബോർഡ് പിരിച്ചുവിടാനുള്ള സാഹചര്യങ്ങൾ എന്തായിരുന്നു;

(ബി) എന്നാണ് പ്രസ്തുത ബോർഡ് രൂപീകരിച്ചത്;

(സി) ബോർഡിന്റെ പ്രവർത്തനങ്ങൾകൊണ്ട് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ബോർഡിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടിയും, ബോർഡു മെമ്പറൻമാരുടെയും സ്റ്റാഫിന്റെയും ശമ്പളത്തിനും മറ്റുമുള്ള ആനുകൂല്യങ്ങൾക്കുവേണ്ടിയും ആകെ ചെലവഴിച്ച സംഖ്യ എത്ര;

(ഇ) ബോർഡു മെമ്പർമാരുടെ കൺട്രാക്ട് കാലാവധിയ്ക്കു മുമ്പായി പിരിച്ചുവിട്ടതുകൊണ്ട് എന്തു സംഖ്യവീതം ഓരോ മെമ്പർക്കും കൊടുക്കേണ്ടിവന്നിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് പിരിച്ചുവിടുകയുണ്ടായിട്ടില്ല. പ്ലാനിംഗ് ബോർഡ് അതേരൂപത്തിൽ തുടരേണ്ടതിനെപ്പറ്റിയും ഇനിമേൽ

LIBRARY ARCHIVES Kerala Legislative Assembly

ബോർഡ് ചെയ്തുതീർക്കേണ്ട ജോലികളുടെ സ്വഭാവത്തെയും വ്യാപ്തിയെയും പറ്റിയും പരിഗണിച്ചതിൽ ബോർഡ് പുനഃസംഘടിപ്പിക്കേണ്ടതാണെന്ന തീരുമാനത്തിൽ ഗവൺമെൻറ് എത്തിച്ചേർന്നു. അതിനാൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ ബോർഡിൽ നിയമിച്ചിരുന്ന അംഗങ്ങളെ പിരിച്ചുവിടുകയുണ്ടായി.

(ബി) സംസ്ഥാന പ്ലാനിംഗ് ബോർഡ് 7-9-1967-ൽ രൂപീകരിക്കപ്പെട്ടു.

(സി) സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് നാലാം പഞ്ചവൽസരപദ്ധതിയുടെ കരടുരേഖ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ചില പ്രശ്നങ്ങളെപ്പറ്റി പഠനങ്ങളും സർവ്വെകളും നടത്തിയിട്ടുണ്ട്.

(ഡി) 5,02,852 രൂപ ചെലവായിട്ടുണ്ട്.

(ഇ) ഓരോ മെമ്പർമാർക്കും താഴെപ്പറയുന്ന തുകകൾ കൊടുക്കേണ്ടതായിട്ടുണ്ട്:

ശ്രീ. എം. കെ. എ. ഹമീദ്	1,500 രൂ.
ഡോ. മാത്യു കുര്യൻ	10,800 രൂ.
പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി	9,000 രൂ.
ശ്രീ. ടി. പി. കുട്ടിയാമു	6,000 രൂ.
ആകെ	27,300 രൂ.

ശ്രീ. സി. കെ. രാജൻ: ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം ബോർഡിൻെറ ഇന്നേവരെയുള്ള പ്രവർത്തനങ്ങളെപ്പറ്റി ഒരു റിപ്പോർട്ട് ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ അതു തരികയുണ്ടായോ?

ശ്രീ. സി. അച്യുതമേനോൻ: അതിനെസംബന്ധിച്ച ഒരു റിപ്പോർട്ടു ഗവൺമെൻറ് പ്ലാനിംഗ് ഡിപ്പാർട്ടുമെൻറിൽനിന്നും വരുത്തിയിട്ടുണ്ട്.

ശ്രീ. സി. കണ്ണൻ: ഇത് ഒരു ചെലവുചുരുക്കൽപദ്ധതിയാണോ? എങ്കിൽ മെമ്പർമാർക്ക് കൊടുത്ത നോട്ടീസിൻെറ കാലാവധിവരെ അവരെ തുടരാൻ അനുവദിക്കുന്നതിനുപകരം ഒന്നായി ഒൻപതിനായിരവും പതിനായിരവുമൊക്കെ രൂപ കൊടുത്ത് അവരെ പിരിച്ചയച്ചത് ചെലവുചുരുക്കൽ പദ്ധതിയുടെ ഭാഗമായിട്ടാണോ ഗവൺമെൻറ് കണക്കാക്കുന്നത്.

ശ്രീ. സി. അച്യുതമേനോൻ: ഇവരെ തുടരാൻ അനുവദിച്ചിരുന്നെങ്കിൽ ഇതിനെക്കാളും കൂടുതൽ തുക ചെലവാകുമായിരുന്നു. ഇപ്പോഴത്തെന്ന അവരെ പിരിച്ചുവിടാൻ നോട്ടീസ് അയച്ചതിനുതന്നെ 27,300 രൂപ ചെലവായി. അതിനുമുമ്പ് 5 ലക്ഷം രൂപ ചെലവാക്കി. അപ്പോഴും വാസ്തവത്തിൽ ഇത് ഒരു ചെലവുചുരുക്കൽ പദ്ധതിയാണ്.

ശ്രീ. പി. എസ്. നമ്പൂതിരി: ഈ പ്ലാനിംഗ് ബോർഡിൽ ചില സാമ്പത്തിക വിദഗ്ദ്ധൻമാരുണ്ട്. ഡോ. കുര്യൻ ഒക്കെ അതിനെക്കാൾ എത്രയോ വിദഗ്ധൻമാരായ ആളുകളെ ഉദാഹരണത്തിന് ഡോ. കെ. എൻ. രാജിനെപ്പോലെയുള്ള ആളുകളെ ഗവൺമെൻറിനു പ്ലാനിംഗ് ബോർഡിൽ നിയമിച്ചുകൂടെ?

ശ്രീ. സി. അച്യുതമേനോൻ: കൂടുതൽ വിദഗ്ധൻമാരായ ആളുകളുടെ സഹായം കിട്ടാൻ ഗവൺമെൻറ് പരിശ്രമിക്കുന്നുണ്ട്. ഇതുവരെ അതിൽ വിജയിച്ചുകഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. കൃഷ്ണൻ: 5 ലക്ഷം രൂപ ചെലവാക്കി എന്നു പറഞ്ഞതു് പിരിച്ചുവിടപ്പെട്ട ആൾക്കാരുടെ കാര്യമാണോ?

ശ്രീ. സി. അച്യുതമേനോൻ: അതെ. അവർക്കു് കൊടുത്ത ശമ്പളമാണു്.

ശ്രീ. എ. വി. കുഞ്ഞാമ്പു: 51 അംഗങ്ങളടങ്ങുന്ന വിപുലമായ ഒരു അഡ്വൈസറി കമ്മിറ്റി തുടങ്ങാൻ ഇടയുണ്ടെന്നുകാണുകയുണ്ടായി. അങ്ങനെയാണെങ്കിൽ 51 അംഗങ്ങളടങ്ങിയ വിപുലമായ ഈ സമിതി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരുകയാണെങ്കിൽ അതിന്റെ വരവും യോഗച്ചെലവും ഒക്കെ വച്ചുനോക്കുമ്പോൾ ഇതൊരു ചെലവുചുരുക്കൽപദ്ധതിയാണെന്നു പറയുന്നതു് ഒരു മുടന്തൻ ന്യായം പറയുകയല്ലേ ചെയ്തിട്ടുള്ളതു്? അല്ലാതെ ഇതൊരു ചെലവുചുരുക്കൽപദ്ധതി അല്ലെന്നുള്ളതു് ഗവൺമെന്റു സമ്മതിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അഡ്വൈസറി കമ്മിറ്റി മാസംതോറും കൂടാൻ ഉദ്ദേശിക്കുന്നില്ല. 3 മാസത്തിലൊരിക്കൽ കൂടാമെന്നുമാത്രമെ ഉദ്ദേശിക്കുന്നുള്ളു. അതിന്റെ ചെലവു് ഇത്രമാത്രം വരുകയില്ല. അവർക്കു് ടി. എ. മാത്രമേ കൊടുക്കുന്നുള്ളു. എന്നുമാത്രമല്ല ചെലവുചുരുക്കൽ പദ്ധതി മാത്രമാണെന്നു ഞാൻ പറഞ്ഞതുമില്ല. പ്ലാനിംഗു് ബോർഡിന്റെ ചുമതല അതു നിർവ്വഹിച്ചുകഴിഞ്ഞു. നാലാംപദ്ധതിയുടെ കരടുരേഖ തയ്യാറാക്കിക്കഴിഞ്ഞു. ഇനി ഇതുസംബന്ധിച്ചു യാതൊരു ജോലിയും പ്ലാനിംഗു് ബോർഡിനില്ല. സർവ്വെ നടത്തുന്നതു് ബ്യൂറോ ഓഫു് എക്കണോമിക്സു് ആൻഡു് സ്റ്റാറ്റിസ്റ്റിക്സു് ആണു്. അവിടത്തെ സ്റ്റാഫിനെയൊന്നും പിരിച്ചുവിട്ടിട്ടില്ല. നോൺ ഒഫിഷ്യൽ മെംബേഴ്സിന്റെ തസ്തികമാത്രമേ നിറുത്തലാക്കിയിട്ടുള്ളു.

WRITTEN ANSWERS

കുറ്റ്യാടി ജലവൈദ്യുത പദ്ധതി

*7. [11] ശ്രീ. എം. കൃഷ്ണൻ:

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം കഴിഞ്ഞ ഒരു വർഷമായി സ്തംഭനാവസ്ഥയിലാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഈ സ്തംഭനാവസ്ഥ ഒഴിവാക്കുന്നതിനു് എന്തു നടപടികളാണു് സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) കഴിഞ്ഞ ഒരു വർഷമായി പദ്ധതി പ്രവർത്തനങ്ങളും സൽപ്പാമനുദഗതിയിലാണെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

(ബി) ഇതൊഴിവാക്കുന്നതിനുവേണ്ട നടപടികളെടുക്കാൻ പോലീസു് ഐ. ജിക്കും കോഴിക്കോടു് ഡിസ്ട്രിക്റ്റു് കളക്ടർക്കും നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ടു്.

ഭരണപരിഷ്ക്കാരങ്ങൾ

*8. [17] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly